# വിശ്വാസ് നീതിദിന പുരസ്കാര സമർപ്പണം ഇന്ന്

പാലക്കാട് ● രാജ്യാന്തര നീതി ദിനത്തോടനുബന്ധിച്ച് വിശ്വാസ് നീതിദിന പുരസ്കാരം പാര ലീഗൽ വൊളന്റിയർമാരായ കെ.കെ. ലക്ഷ്മിക്കും കെ.എസ്.സ്വാമിനാഥനും ഇന്നു വൈകിട്ടു 4നു വിശ്വാസ് ഓഫിസിൽ നടക്കുന്ന ചടങ്ങിൽ സബ് കലക്ടർ ഡോ.ബൽപ്രീത് സിങ് സമ്മാനിക്കും.

എട്ടു വർഷമായി ജില്ലാ നിയമ സഹായ അതോറിറ്റിയുടെ പാരാ ലീഗൽ വൊളന്റിയറായി സേവനം അനുഷ്ഠിക്കുന്ന പാലക്കാട് ശ്രീനഗർ കോളനിയിലെ കെ.എസ്. സ്വാമിനാഥൻ വിദ്യാഭ്യാസ വകുപ്പിൽനിന്നു വിരമിച്ച ഉദ്യോഗസ്ഥനും ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി, ജില്ലാ ഭക്ഷ്യസുരക്ഷാ സമിതി, ജയിൽ കമ്മിറ്റി എന്നിവയിൽ അംഗവുമാണ്. വിവരാവകാശ, പൗരവകാശ പ്രവർത്തക കൂടിയായ കടമ്പഴിപുറം ചാന്തുരുത്തി ഹൗസിലെ കെ.കെ. ലക്ഷ്മി 6 വർഷമായി പാരാ ലീഗൽ വൊളന്റിയറായി പ്രവർത്തിക്കുന്നു.

ഒട്ടേറെ നിയമ ബോധവൽകരണ പരിപാടികൾ നടത്തിയിട്ടുള്ള ഇരുവരും സാധാരണക്കാരുടെ പരാതികൾ അധികാരസ്ഥാനങ്ങളിൽ എത്തിച്ചു തീർപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. ഓൺലൈൻ പദപ്രശ്ന മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

മനോരമ